മിസ്റ്റർ സി. എ. ഔസേപ്പ്: കോലായിലും അടുക്കളയിലും രോഗികളെക്കണ്ടില്ല. രോഗികൾക്കു ഭക്ഷണം പാകം ചെയ്യുന്നതിനു് വന്നവർ അടുക്കളയിലുണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: ന, ങ ം ം ശ്രീപാ ഒരു കൊല്ലത്തിൽ ഫ ഥ രോഗികൾക്കു വച്ചിട്ടുണ്ടല്ലോ. അപ്പോൾ ഒരു രോഗിക്കു് ഒരു ദിവസം എത്ര വീതം കിട്ടും?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു കണക്കു കൂട്ടിയാൽ അറിയാമല്ലോ. ഗവണ്മെണ്ടിന്റെ ശക്തിയ്ക്കൊത്ത വിധത്തിൽ അവിടെ ചിലവുചെയ്യുവരുന്നുണ്ടു്. ഞാൻ അന്വേഷിച്ചപ്പോൾ ഭക്ഷണത്തിനുവേണ്ടി അവിടെ ഒരു രോഗിക്കു് ഒരു ദിവസം എഴണ ആറപൈ ആണു് മൊത്തത്തിൽ വച്ചിട്ടുള്ളതു് എന്നു മനസ്സിലായി.

മിസ്റ്റർ എം. ഐ. പോൾ: അതുകൊണ്ടു മതിയാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ കൂടുതലായി ഇപ്പോൾ ചിലവുചെയ്യാൻ ഗവണ്മെണ്ടിനു സാദ്ധ്യമല്ല. ഒരാൾക്കു മൊത്തത്തിൽ കിട്ടുന്നകണക്കാണു ഞാൻ പറഞ്ഞതു്. ചിലദിവസം കൂടിയെന്നുംവരാം, ചില ദിവസം കുറഞ്ഞുപോയെന്നുംവരാം. ചിലർക്കു അവരുടെ വീട്ടിൽ നിന്നുതന്നെ ഭക്ഷണം കൊണ്ടുവന്നു കൊടുക്കുന്നുണ്ടു്. ചിലർക്കു കുറച്ചുപാലോ മറ്റോമാത്രം മതിയെന്നുംവരാം. ഗവണ്മെണ്ടിനു് ഇപ്പോൾ ഈ കാര്യത്തിൽ ഇതിൽ കൂടുതൽ ചിലവു ചെയ്യാൻ സാദ്ധ്യമല്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: മറ്റു ആസ്പത്രികളിലേയും സ്ഥിതി ഇതുതന്നെയാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതിലും മോശമായിട്ടുള്ളതുമുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: മുന്നൂറിൽചിലപ്പോൾ രോഗികൾ നിത്യേന വന്നിറങ്ങിപ്പോകുന്ന ആ ആസ്പത്രിയിൽ ഫ ഥ ബെഡ്ഡുകൾ മാത്രമേയുള്ളൂ. ആ സ്ഥിതിയ്ക്കു അവിടത്തെയ്ക്കു കൂടുതൽ സംഖ്യ അനുവദിയ്ക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇപ്പോഴത്തെ സ്ഥിതിയ്ക്കുതുസാദ്ധ്യമല്ല. പണം കൂടുതൽ ഉണ്ടായാൽ കൂടുതൽ ചിലവാക്കാൻ തയ്യാറാണു്.

INCOME-TAX LAWS—ARTICLES IN THE "GOMATHI" DATED 8th Thulam 1124

26. (33) Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

whether they have perused the Editorial in Column I on page 2 in the "Gomathi" dated 8th Thulam 1124 under the caption "ആദായനികുതിനയം"?

Mr. P. Govinda Menon *(Minister for Finance and Law)*: Yes.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എഡിറ്റോറിയലിൽ എന്താണു് എഴുതിയിരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നു രണ്ടു വ്യക്തികളുടെ പേരിൽ ആദായ നികുതി പിരിക്കുന്നതിനെ സംബന്ധിച്ചു ചില നടപടികൾ എടുത്തതിനെ ആക്ഷേപിച്ചാണു് എഴുതിയിരുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഏതേതുവ്യക്തികളുടെപേരിൽ നടപടിയെടുത്തതിനെയാണു് ആക്ഷേപിച്ചു് എഴുതിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: V. P. B. നമ്പ്യാരുടെ പേരിലും, ഡോക്ടർ അളകപ്പ ചെട്ടിയാരുടെപേരിലും നടപടികൾ എടുത്തതിനെ സംബന്ധിച്ചാണു് ആക്ഷേപിച്ചെഴുതിയിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: നടപടിയെടുക്കാൻ പാടില്ലെന്നുള്ള വിധത്തിലാണോ എഴുതിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏകദേശം ആ രൂപത്തിലാണു് എഴുതിയിരുന്നതു്.

INSUFFICIENCY OF ACCOMMODATION—GENERAL HOSPITAL

27. (85) Dr: (Mrs.) T. Francis *(Ernakulam-Women)*: Will Government be pleased to state.—

(a) whether the Government is fully aware of the insufficiency of accommodation for patients in General Hospital Ernakulam;

LIBRARY ARCHIVES Kerala Legislative Assembly